കെ.എസ്.ഇ.ബി. ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൺസ്യൂമർ കാർഡ്

[11.30 A.M.] പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഈ സഭയുടെ ഈ സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ഈയവസരത്തിൽ എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും, ഗവണ്മെന്റിൽ നിന്നും ഒരു കാര്യത്തെക്കുറച്ചുള്ള വിശദീകരണം അറിഞ്ഞാൽ കൊള്ളാം. കൺസ്യൂമർ കാർഡിനെക്കുറിച്ച് കേരള ഹൈക്കോടതിയിലുണ്ടായ ഒരു കേസിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് കൺസ്യൂമർ കാർഡ് കൊടുക്കുന്നത് നിർബന്ധമുള്ള കാര്യമല്ല. കൺസ്യൂമർ കാർഡിന് അപേക്ഷ കൊടുക്കാത്തവരുടെ പേരിൽ നടപടി ഉണ്ടാവുകയില്ല എന്ന് സത്യവാങ്മൂലം കൊടുത്തതായി ഒരു പത്രവാർത്ത കണ്ടു. അങ്ങനെയെങ്കിൽ കൺസ്യൂമർ കാർഡ് മാൻഡേറ്ററിയല്ല, ഇഷ്ടമുള്ളവർ കൊടുക്കുക എന്നുള്ളതാണ്. ഏതായാലും ഈ സംസ്ഥാനത്തെ 66 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്തക്കൾ പൊതുവേ എതിർക്കുന്ന കാര്യം, കേരളത്തിലെ മുഴുവൻ കൺസ്യൂമറും എതിർക്കുന്ന കാര്യത്തിൽ ഇനിയെങ്കിലും ഗവണ്മെന്റ് കുറച്ചുകൂടി വ്യക്തമായ നിലപാട് സ്വീകരിക്കണം. ഈ സാഹചര്യത്തിൽ കൺസ്യൂമർ കാർഡ് ഏർപ്പെടുത്താനുള്ള തീരുമാനം ഗവണ്മെന്റ് പിൻവലിക്കണമെന്നാണ് അവസാനമായി ഈ സഭ പിരിയുന്ന അവസരത്തിൽ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഈ സമ്മേളനം ആരംഭിച്ച അവസരത്തിൽ തന്നെ ഈ പ്രശ്നം സഭയിൽ ഉന്നയിക്കുകയും അതിൽ കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. പക്ഷെ ഇതിന്റെ ഫോറം തയ്യാറാക്കുന്നതിലും നടപടി ക്രമത്തിലും ചില കുറവുകളുണ്ട്. അത് തിരുത്തണം എന്നായിരുന്നു പ്രതിപക്ഷം ഉന്നയിച്ചിരുന്നത്. തിരുത്തേണ്ടത് തിരുത്തി. നിങ്ങൾ അവിടെ പറഞ്ഞത് അനുസരിച്ചു കൂടിയാണെന്നു കണക്കാക്കിയാലും വിരോധമില്ല. പ്രതിപക്ഷം ടെക്നിക്കലായിട്ടുള്ള ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് അത് തിരുത്തേണ്ടതാണെന്നു പറഞ്ഞു. അത് തിരുത്താനുള്ള നിർദ്ദേശം ബോർഡിന് കൊടുത്തു. ബോർഡിന് നിർദ്ദേശം കൊടുത്താൽ പോര. ബോർഡ് ഒരു ഉത്തരവ് ഇറക്കാമോ എന്ന് മാർച്ച് 9-ാം തീയതി ഈ സഭയിൽ ഉന്നയിച്ചു. അന്ന് പ്രതിപക്ഷ ഉപനേതാവ് എന്ന നിലയിൽ ശ്രീ. കാർത്തികേയനാണ് ഇക്കാര്യം ഉന്നയിച്ചത്. അത് പരിശോധിക്കാൻ പറഞ്ഞു. 10-ാം തീയതി തന്നെ ബോർഡ് ഉത്തരവിറക്കി. ആ ഉത്തരവിൽ സാങ്കേതികമായിട്ടുള്ള 8 കോളങ്ങൾ ഒഴിവാക്കാനും അതിന്റെ പേരിൽ ഇവിടെ വന്ന ഉൽക്കണ്ഠ ദൂരീകരിക്കാനും അവസരം നൽകി. ആ ഉത്തരവിൽ The consumers shall not be penalised in any manner for the declaration in the format signed by them. Additional charge will not be levied from the consumers by way of electricity charge or security deposit or any other charge based on this declaration എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ വച്ച് അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് ബോർഡ് ഉത്തരവിറക്കുമോ, എങ്കിൽ ഞങ്ങൾ ഈ കൺസ്യൂമർ കാർഡിനെ പിന്തുണയ്ക്കുന്നു. ഇന്നയിന്ന രൂപത്തിൽ ഉദ്യോഗസ്ഥന്മാർ അത് വ്യാഖ്യാനം ചെയ്യും, കൺസ്യൂമേഴ്സിന് ബുദ്ധിമുട്ടുണ്ടാക്കും എന്നു പറഞ്ഞപ്പോൾ ബോർഡ് ഉത്തരവിറക്കുന്ന കാര്യം പരിശോധിക്കാമെന്നു പറഞ്ഞു. കഴിഞ്ഞ 9-ാം തീയതിയാണ് ഉന്നയിച്ചത്. ഇവിടെ വന്ന വികാരം പരിഗണിച്ച് കഴിഞ്ഞ 10-ാം തീയതി തന്നെ ബോർഡിനെക്കൊണ്ട് ഉത്തരവിറക്കിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഘട്ടത്തിൽ കേരളാ ഹൈക്കോടതിയിൽ ഒരു വ്യക്തി ചോദ്യം ചെയ്തു. ആ സന്ദർഭത്തിൽ ബോർഡിനു വേണ്ടി കൊടുത്തിട്ടുള്ള അഫിഡവിറ്റിൽ ഈ ഉത്തരവുകളും ഹാജരാക്കി. ഇവിടെ വന്ന ചർച്ചയുടെ സ്പിരിറ്റിൽ തന്നെ ചില കുറവുകൾ കറക്ട് ചെയ്യേണ്ടതുണ്ട്. കൺസ്യൂമേഴ്സിന് ഉൽക്കണ്ഠ ഉണ്ടാകാതിരിക്കുന്നതിനും ഏതെങ്കിലും തരത്തിൽ ചാർജ് ഈടാക്കാതിരിക്കുന്നതിനുമാണ് അങ്ങനെ ചെയ്തത്. കണക്ടഡ് ലോഡിന്റെ വിവരങ്ങൾ പൂരിപ്പിച്ച് കൊടുത്താൽ ഭാവിയിൽ അഡീഷണൽ കറണ്ട് ചാർജ്ജ് ഈടാക്കുമെന്ന് ചില മീഡിയായിൽ ഒക്കെ വന്നു. അതുപോലെ ഒരു ബൾബോ ഒരു വയറോ ഒരു ഫാനോ വാങ്ങിച്ചു വയ്ക്കണമെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ അനുവാദം വേണം. കൺസ്യൂമേഴ്സിനെ പീഡിപ്പിക്കാൻ പോകുന്നു എന്ന തരത്തിലുള്ള ഉൽക്കണ്ഠ പരത്തുന്ന അടിസ്ഥാനമില്ലാത്ത പ്രചരണങ്ങൾ വന്നു. ഈ കാര്യങ്ങളെല്ലാം അടിസ്ഥാനമാക്കിക്കൊണ്ട് ഒരു പീനൽ നടപടിയും സ്വീകരിക്കുന്നതല്ല. ഇത് പൂരിപ്പിച്ച് കൊടുക്കുന്നതിന്റെ പേരിൽ എന്നുള്ള കാര്യം ബഹുമാനപ്പെട്ട കോടതിയെ ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി ബന്ധപ്പെട്ട വക്കീൽ അറിയിച്ചു. കോടതിയിൽ പറഞ്ഞിട്ടുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ കാർഡ് പിൻവലിക്കേണ്ടതില്ല. ഇത് റദ്ദ് ചെയ്യണമെന്നും സ്റ്റേ ചെയ്യണമെന്നും ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചപ്പോൾ ആ ആവശ്യം കോടതി നിരാകരിക്കുകയാണുണ്ടായിട്ടുള്ളത്. നിരാകരിക്കാൻ കാരണം കൺസ്യൂമേഴ്സിന്റെ മേൽ ഏതെങ്കിലും തരത്തിൽ ഒരു പീനൽ നടപടിയും ഉണ്ടാവുകയില്ല എന്നുള്ളതിന്റെ ഉറപ്പിനുവേണ്ടി ബോർഡ് ഇറക്കിയിട്ടുള്ള ഉത്തരവുകൂടി കോടതിയിൽ കാണിച്ചു. അതിന്റെ അർത്ഥം കാർഡ് വേണ്ട എന്നുള്ള കാര്യം ബോർഡിന്റെ വക്കീലോ ഗവൺമെന്റിനു വേണ്ടിയോ ഹൈക്കോടതിയിൽ പറഞ്ഞിട്ടേയില്ല. കാർഡിന്റെ പേരിൽ ഏതെങ്കിലും തരത്തിൽ ഒരു പീനൽ നടപടിയുണ്ടാകുമോ എന്നു ചോദിച്ചപ്പോൾ അങ്ങനെ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞു. ഈ നിയമസഭയിൽ ഞാൻ തന്നെ അത് പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ ഒരു ഉദ്ദേശവുമില്ല. ഞാൻ ഓരോരുത്തരുടേയും പേര് എടുത്തു പറയുന്നില്ല. ഈ സഭയിലിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾക്ക് അറിയാവുന്നതാണ്. എത്രയോ പ്രശ്നങ്ങളിൽ, മീറ്റർ റീഡിംഗിന്റെ കാര്യത്തിൽ അനോമലിയുണ്ട്, അത് പറയുമ്പോൾ ബന്ധപ്പെട്ടവർക്ക് അറിയാൻ പറ്റും. അപാകതയുണ്ട്. മീറ്റർ കേടായികിടപ്പുണ്ടെങ്കിൽ പിന്നീട് ചാർജ് ഈടാക്കുന്ന തരത്തിൽ ഉപയോഗിക്കാത്ത കറണ്ടിനു കൂടി ചാർജ് ഈടാക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഏതെങ്കിലും വാടക കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ വാടകയ്ക്ക് പുതുതായി താമസിക്കാൻ വരുന്ന ആൾ പണ്ട് താമസിച്ചിരുന്ന ആൾ അടയ്ക്കാതിരുന്ന കറണ്ട് ചാർജ് കൂടി അടയ്ക്കേണ്ടിവരുന്ന സ്ഥിതിവിശേഷമുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ നൂറു ശതമാനവും കൺസ്യൂമേഴ്സിന് പൂർണ്ണമായ സംരക്ഷണം ഉറപ്പാക്കാൻ വേണ്ടിയുള്ള സമീപനമാണ് സ്വീകരിച്ചത്. യൂണിയനുകളുമായി ചർച്ച ചെയ്യണമെന്നു പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിലെ യൂണിയനുകളുമായി ഈ ഘട്ടത്തിൽത്തന്നെ ചർച്ച നടത്തിക്കഴിഞ്ഞു. അവർ പൊതുവിൽ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതി നടപ്പാക്കുന്നതിന് യാതൊരു തടസ്സവും കൺസ്യൂമേഴ്സിന് ഇല്ല. അടിസ്ഥാനപരമായി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നൂറുശതമാനവും കൺസ്യൂമേഴ്സിന് പൂർണ്ണമായും പരിരക്ഷ നൽകുക എന്നതാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റിന്റെ ഈ ചിന്താഗതിയേയും സമീപനത്തേയും ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ അട്ടിമറിക്കാൻ ശ്രമിച്ചാൽ കർശനമായ നടപടി സ്വീകരിച്ചുകൊണ്ട് കേരളത്തിലെ 66 ലക്ഷത്തോളം വരുന്ന കൺസ്യൂമേഴസിന്

LIBRARY ARCHIVES Kerala Legislative Assembly

പൂർണ സംരക്ഷണം ഉറപ്പുവരുത്തുക മാത്രമാണ്, ഒരു പീനൽ നടപടിയും ഒരു കൺസ്യൂമറുടെ പേരിലും സ്വീകരിക്കുന്നതല്ല എന്ന് കോടതിയെ അറിയിക്കുകയും ബഹുമാനപ്പെട്ട കോടതി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു ഘട്ടത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിറുത്തിക്കൊണ്ടുതന്നെ ഞാൻ പറയുന്നു, ഒരു നയാപൈസപോലും കൺസ്യൂമറിൽ നിന്ന് പീനൽ നടപടിയുടെ പേരിൽ ഈടാക്കില്ല. അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിരക്ഷ ഏർപ്പെടുത്തുവാനുള്ള ഒരു സംരക്ഷണ നടപടി സ്വീകരിച്ചാൽ അതിനെ എതിർക്കുന്നത് അങ്ങേയറ്റം നിർഭാഗ്യകരവും ഒരു വിഷയദാരിദ്ര്യത്തിന്റെ നടുവിൽ പ്രതിപക്ഷം അകപ്പെട്ടുലയുന്നു എന്നുള്ളതിന്റെ സൂചനയും മാത്രമായിട്ടേ ഞാൻ ഇതിനെ കണക്കാക്കുന്നുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കൺസ്യൂമർ കാർഡിനെക്കുറിച്ച് കേരളത്തിലുള്ള എല്ലാ വിഭാഗം ആളുകൾക്കും ആശങ്കയുണ്ട്. അതുകൊണ്ട് ഒരു കൂടിയാലോചനയ്ക്കെങ്കിലും ഗവണ്മെന്റ് തയ്യാറാകണം. ഇവിടത്തെ ഉപഭോക്തൃസംഘടനകളോടും രാഷ്ട്രീയപാർട്ടി പ്രതിനിധികളോടും ട്രേഡ് യൂണിയനുകളോടും ഒരു കൂടിയാലോചനയ്ക്കെങ്കിലും തയ്യാറാകണം. കേരളത്തിലെ 90 ശതമാനം വരുന്ന ജനങ്ങൾ, അതായത് അറുപത്തിയാറ് ലക്ഷം ഉപഭോക്താക്കൾക്കുവേണ്ടി ഒരു കൂടിയാലോചനയ്ക്കെങ്കിലും തയ്യാറാകണമെന്ന് പറഞ്ഞിട്ട് ആ മിതമായ, ന്യായമായ ആവശ്യംപോലും അംഗീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുന്നില്ല. ഇതിനുശേഷം ഇവിടെ ചർച്ച ചെയ്യാൻ പോകുന്ന അധികാരവികേന്ദ്രീകരണത്തെ പൂർണ്ണമായും ഞങ്ങൾ അനുകൂലിക്കുന്നവരാണ്. പക്ഷെ കേരളത്തിലെ ജനവികാരം മാനിക്കാൻ തയ്യാറാകാത്ത കേരളത്തിലെ 66 ലക്ഷം ഉപഭോക്താക്കൾക്കുവേണ്ടി ജനാധിപത്യത്തിലെ പ്രാഥമിക നടപടി എന്ന നിലയിൽ ഒരു കൂടിയാലോചനയ്ക്കുള്ള മര്യാദപോലും കാണിക്കാത്ത ഈ ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം ഈ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി).

III. മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 1999 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തെ 2-ാം നമ്പർ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവണ്മെന്റിനെ സംബന്ധിച്ച 1999 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ 2-ാം നമ്പർ കമേഴ്സ്യൽ റിപ്പോർട്ടും 3-ാം നമ്പർ സിവിൽ റിപ്പോർട്ടും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly